بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
***13 November 2020 / 27 Rabi'ul Awwal 1442 AH***

## *Duahs (Invocations)* (Pt. 19) ദുആകൾ (ഭാഗം-19)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ദുആകൾ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പത്തൊമ്പതാമത്തെ പ്രസംഗം ആരംഭിക്കുകയുണ്ടായി. അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവ എനിക്ക് വെളിപാടുകളായി നല്കിയ ദുആകൾ ആണ്, അത് ഇന്നത്തെ ഖുത്തുബയിലും തുടരുകയാണ്. അവന്റെ സന്നിധിയിൽ നമുക്ക് കൂടുതൽ നല്ല ഇടം ലഭിക്കുവാനുള്ള നല്ല ജീവിതം അവൻ നമുക്ക് നല്കി അനുഗ്രഹിക്കട്ടെ. അവനിലേക്കുള്ള വഴി അവൻ നമുക്ക് തുറന്നു നല്കട്ടെ, അവനെ സമീപിക്കുവാനുള്ള വഴികളും, തുറന്നു തരട്ടെ! ആമീൻ! സുമ്മ ആമീൻ!

നമ്മുടെ എല്ലാവിധ ജീവിത സാഹചര്യങ്ങളിലും നാം അല്ലാഹുമായി ചേർന്ന് നിൽക്കേണ്ടതാണ്. അവൻ മാത്രമാണ് നമ്മെ താങ്ങിനിർത്തുന്ന ശക്തിദുർഗ്ഗം. അവൻ അതിശക്തനായവൻ തന്നെയാണ്. ഒരു അപകടത്തെ ഇല്ലാതാക്കുവാൻ അവനു മാത്രമെ കഴിയുകയുള്ളു. അവന്റെ ദാസന്മാരിൽ അവനുദ്ദേശിക്കുന്നവരുടെ പ്രശ്സതി ഉയർത്തുവാൻ അവനു മാത്രമെ കഴിയുകയുള്ളു. ഈ നൂറ്റാണ്ടിൽ ദൈവീക ദൃഷ്ടാന്തത്തിന് ആരംഭം കുറിച്ചത്, അവരുടെ ജീവിതത്തിൽ സർവ്വശക്തനായ ദൈവം നിലനില്ക്കുന്നു എന്ന ബോധ്യം ജനങ്ങൾക്ക് നല്കുന്നതിനു വേണ്ടിയാണ്. അതുപോലെ ദൈവത്തിന്റെ പ്രാധാന്യം അവരെ മനസ്സിലാക്കിക്കൊടുക്കുന്നതിനും വേണ്ടിയാണ്. അല്ലാഹു(ത)യുടെ പിന്താങ്ങൽ ഇല്ലാതെ, അവന്റെ കാരുണ്യമില്ലാതെ, അവന്റെ സഹായമില്ലാതെ, ജീവിതത്തിൽ ഒരാൾക്കും ഒരു പുരോഗതിയും നേടുവാൻ സാധിക്കുകയില്ല. മാത്രമല്ല, അവന് മോക്ഷപ്രാപ്തിയിലെത്തിച്ചേരുവാനും കഴിയുകയില്ല. അല്ലാഹു(ത) അവൻ സ്വയം തന്നെ പ്രതീക്ഷയാണ്. ഒരു വ്യക്തിക്ക് എന്തെല്ലാം ആവശ്യമുണ്ടോ അതെല്ലാം അവനിൽ നിന്നുള്ളതുമാത്രമാണ്. നമ്മോടൊപ്പം അല്ലാഹു(ത) ഉണ്ടെങ്കിൽ ലോകത്തിൽ ഏറ്റവും വലിയ ധനവാന്മാർ നമ്മൾ തന്നെയാണ്.

ജീവിതത്തിൽ ഉയർച്ച താഴ്ചകളിൽ, വിശിഷ്യാ ദൈവീക ദൃഷ്ടാന്തത്തിന്റെ ആരംഭ ദശകളിൽ, ജമാഅത്തു അഹ്മദിയ്യാ അൽ മുസ്ലിമീനിലും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലും, അല്ലാഹു(ത) അവന്റെ ഖലീഫയ്ക്കും അവന്റെ സത്യവാന്മാരും നിഷ്ക്കളങ്കരുമായ അനുചരന്മാർക്കും ദൈവീക സത്യതയുടെ ഐശ്വര്യവും ധനപുഷ്ടിയും കാണിക്കപ്പെടുകയുണ്ടായി. നമ്മൾ, മുസ്ലിംകളുടെ മേൽ അല്ലാഹു കാണിച്ച, ചൊരിഞ്ഞ നിധികളിൽ ഒന്ന്, വിശുദ്ധഖുർആനോടും, വിശുദ്ധസുന്നത്തിനോടുമൊപ്പം ദുആകളുടെ നിധികളാണ്. അല്ലാഹു(ത)യുമായി ചേർന്നു നില്ക്കുന്നതിന് നാം ദുആ ചെയ്യേണ്ടതിന്റെ ആവശ്യകത പ്രത്യേകം എടുത്തു

പറയുകയുണ്ടായി. ഇസ്ലാമിന്റെ പരമമായ വിജയത്തിന് അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടിരിക്കേണ്ടതിന്റെ പ്രാധാന്യവും എടുത്തുപറയുകയുണ്ടായി. ഇസ്ലാമിന്റെ വിജയം മുസ്ലിംകൾക്ക് വിജയത്തിന് വേണ്ടി മാത്രമുള്ളതല്ല. ഇതു കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു(ത) മാനവന് നല്കുന്ന വിജയമാണ്. മനുഷ്യന് ബോധ്യം വരേണ്ടതാണ്, അതായത് അല്ലാഹുവിന്റെ സത്യതയും അവൻ നല്കുന്ന പ്രകാശവും, അവന്റെ ദൂതന്മാരും, അവന്റെ വെളിപാടുകളും! ഇവയൊക്കെ മാനവകുലത്തിന് ബോധ്യമാകലാണത്. നാം അല്ലാഹുവിനോട് തേടുകയാണ്, അല്ലാഹുവിനോട് മാത്രം തേടുകയാണ് എല്ലാ മനുഷ്യരെയും അവരുടെ സൃഷ്ടാവിലേക്ക് കൊണ്ടുവരുന്നതിനായി! നമ്മുടെ അതിശയകരമമായ ദൈവത്തിലേക്ക്! ജീവിച്ചിരിക്കുന്ന സമ്പൂർണ്ണനായവൻ! ആരാധനയിൽ അവന് പങ്കാളികളായി മറ്റാരുമില്ല! അല്ലാഹു മാത്രം.

ആയതിനാൽ, അല്ലാഹു(ത)യുടെ അതിമഹത്തായ അനുഗ്രഹം ഒന്നു കൊണ്ടു മാത്രമാണ്, അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ് ഞാനെന്റെ പ്രസംഗം ഇന്ന് തുടരുകയാണ്, വെളിപാടുകളിലൂടെ നല്കിയ ദുആകൾ ഉൾക്കൊള്ളുന്ന പ്രസംഗം, ഇതവൻ എനിക്ക് സമ്മാനിച്ചതാണ്, ഈ വിനീതന് തന്നരുളിതയാണ്, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്യ്ക്ക് നല്കിയതാണ് എന്ന് തിരിച്ചറിഞ്ഞാലും!

അല്ലാഹുവേ! മഹാസത്യവാന്മാരും മഹാകള്ളന്മാരും തമ്മിൽ നീ വേർതിരിക്കേണമെ! സത്യവാന്മാരും നല്ലവരും ആയവർ ആരാണെന്ന് നിനക്കറിവുള്ളതാണല്ലോ.

എന്റെ നാഥാ! ആദരണീയരായ ആളുകളായി നീ ഞങ്ങളെ കണക്കാക്കേണമെ!

‘‘യാ അല്ലാഹ്! ഞാൻ നിന്റെ സഹായത്താൽ അത്യദ്ധ്വാനം ചെയ്യുന്നു; നിന്റെ സഹായത്താൽ ഞാൻ യുക്തിവാദം നടത്തുന്നു, നിന്റെ സഹായത്താൽ ഞാൻ പോരാടുന്നു.’’

അല്ലാഹുവേ! നീ ഈ ജമാഅത്തിനെ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ, മുത്തഖീങ്ങളുടെ ഒരു ജമാഅത്താക്കേണമെ! അനുഗൃഹീതമായ ഒരു ജമാഅത്താക്കേണമെ

‘‘യാ അല്ലാഹ്! നീ ആകാശത്തു നിന്നും നിന്റെ കാരുണ്യം ഞങ്ങളിൽ വർഷക്കേണമെ’’

‘‘യാ അല്ലാഹ്! ഖലീഫത്തുല്ലാഹ് ആയ, മുഹ്‌യിദ്ദീൻ ആയ മുനീർ അഹമ്മ്ദ് അസീമിന്റെ മേലും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ മേലും ആക്ഷേപം ഉണ്ടാകുന്ന യാതൊന്നു നീ അവശേഷിപ്പിക്കരുതെ’’

‘‘എന്റെ നാഥാ! നീ സത്യം കൊണ്ട് വിധി കല്പിച്ചാലും! ഞങ്ങളുടെ രക്ഷിതാവ് കരുണാവാരിധി ആയവനാണ്. ശത്രുക്കളുടെ കറ്റുകെട്ടുകളെ നീ തന്നെ പ്രതിരോധിക്കേണമെ’’

‘‘കരുണാവാരിധികളിൽ വെച്ച് ഏറ്റവും വലിയ കരുണാവാരിധി ആയവനേ! നിന്നെ അനുസരിക്കുന്നവരുടെ (മുസ്ലിംകളുടെ) വേദനകളെ നീ നീക്കം ചെയ്യേ

ണമെ! അന്താരാഷ്ട്ര ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ പ്രയാസങ്ങളെ നീ ദുരീകരിക്കേണമെ!''

അല്ലയോ, പ്രയാസങ്ങളെ ഇല്ലാതാക്കുന്നവനേ! ഞങ്ങളുടെ മഹ്ബൂബേ! ഞങ്ങളുടെ കുറ്റങ്ങളെ നീ മൂടിവെയ്ക്കേണമെ! ഞങ്ങൾക്ക് നീ ശാന്തത പ്രദാനം ചെയ്യേണമെ!എല്ലാ അപകടങ്ങളിൽ നിന്നും നീ ഞങ്ങളെ സംരക്ഷിക്കേണമെ! ഞങ്ങളുടെ എല്ലാ കാര്യങ്ങളും ഞങ്ങൾ നിന്നിൽ ഭരമേല്പിക്കുന്നു. ഞങ്ങളുടെ എല്ലാ കാര്യങ്ങളും നിന്റെ തിരുനോട്ടത്തിൽ നടത്തി തരേണമെ! നീ മാത്രമാണ് ഞങ്ങളുടെ യജമാനൻ! ഈ ലോകത്തും അതുപോലെ പരലോകത്തും! അതുപോലെ നീ തന്നെയാണ് ഏറ്റവും വലിയ കരുണാമൂർത്തിയായവൻ! ഈ കാര്യങ്ങളൊക്കെ നിറവേറ്റിത്തന്നാലും കരുണാവാരിധി ആയവനേ! ലോകൈക രക്ഷകാ!

എന്റെ രക്ഷിതാവേ!എന്നെ സഹായിച്ചാലും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ സഹായിച്ചാലും! എനിക്കെതിരായി നീ മറ്റാരേയും സഹായിക്കരുതേ! നീ എനിക്ക് വിജയം പ്രദാനം ചെയ്താലും! എനിക്കെതിരിൽ നീ മറ്റാർക്കും വിജയം നല്കരുതെ! എന്റെ രക്ഷിതാവേ! എനിക്കനുകൂലമായി നീ ഉപായം കണ്ടെത്തേണമെ! എനിക്കെതിരായി നീ ഉപായം കണ്ടെത്തെരുതേ! എന്നെ നീ നയിക്കേണമെ! എന്നെ നീ നിന്നിലേക്ക് വഴികാട്ടേണമെ! എന്നെ കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്നവരുടെ മേൽ നീ എനിക്ക് വിജയം പ്രദാനം ചെയ്യേണമെ! മഹത്വമുടയവനായ ദൈവമേ! എന്നെ നീ, നിന്നോടു നന്ദികാട്ടുന്നവനാക്കി മാറ്റേണമെ! എപ്പോഴും നിന്നെ സ്മരിക്കുന്നവനാക്കിത്തീർക്കേണമെ! നീ എന്നെ നിന്നെ ഭയമുള്ളവനാക്കിത്തീർക്കേണമെ! ഞാൻ നിന്നെ അനുസരിക്കുന്നവനാക്കി തീർക്കേണമെ! നിന്റെ മുമ്പിൽ എന്നെ വിനയമുള്ളവനാക്കിത്തീർക്കേണമെ! എന്നെ നീ നിന്നെ ഭയപ്പെടുന്നവനും പശ്ചാത്തപിക്കുന്നവനുമാക്കിത്തീർക്കേണമെ! എന്റെ രക്ഷിതാവേ ! എന്റെ പശ്ചാത്താപം സ്വീകരിച്ചാലും!എന്റെ അതിക്രമങ്ങളെ മാപ്പാക്കിയാലും! എന്റെ പ്രാർത്ഥന സ്വീകരിച്ചാലും! എന്റെ ആവശ്യങ്ങളെ നിറവേറ്റിയാലും, എന്റെ ഹൃദയത്തെ നിയന്ത്രിച്ചാലും! എന്റെ നാവിലൂടെ സത്യമല്ലാതെ മറ്റൊന്നും പുറപ്പെടുവിക്കരുതേ! എന്റെ ഹൃദയത്തിൽ നിന്നും എല്ലാവിധ മാലിന്യങ്ങളെയും നീക്കം ചെയ്താലും നാഥാ! എന്റെ നാഥാ! എല്ലാ കാര്യങ്ങളുടെയും യാഥാർത്ഥ്യം നീ എനിക്ക് വെളിവാക്കി തരേണമെ!

എന്റെ നാഥാ! നീ എന്നോട് കരുണകാട്ടേണമെ! എന്റെ ദൈവമേ ! എന്റെ പ്രാർത്ഥനകൾ നീ സ്വീകരിക്കേണമെ! നിന്റെയും എന്റെയും ശത്രുക്കളെ നീ തുണ്ടം തുണ്ടം ആക്കേണമെ! നിന്റെ വാഗ്ദാനം പൂർത്തീകരിച്ചാലും നാഥാ! നിന്റെ വിനീതദാസനെ സഹായിച്ചാലും നാഥാ! നിന്റെ ശിക്ഷയുടെ ദിനങ്ങൾക്ക് സാക്ഷിയാകുവാൻ സഹായിച്ചാലും നാഥാ! നിന്റെ പ്രവർത്തനങ്ങളുടെ ഗുണം ഞങ്ങൾക്ക് വ്യക്തമാക്കിതന്നാലും, അവിശ്വാസികളിൽ ഒരു ദുർവൃത്തനേയും നീ ഒഴിവാക്കരുതേ!

മറ്റെന്തിനേക്കാളും സ്നേഹിക്കപ്പെടുവാൻ അർഹനായിട്ടുള്ളവൻ നീ മാത്രമാണ്. എനിക്ക് പ്രിയങ്കരനായിട്ടുള്ളവനേ! എനിക്ക് മാപ്പ് നല്കിയാലും! എന്നിൽ നീ കരുണാവർഷം ചൊരിഞ്ഞാലും! നിന്റെ സത്യദാസന്മാരോടൊപ്പം എന്നേയും

നീ അണിചേർത്താലും നാഥാ!

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ഔദ്യോഗിക രജിസ്ട്രേഷനു വേണ്ടി എല്ലാ രേഖകളും രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ചശേഷം തിരിച്ചെത്തിയപ്പോൾ 2008 ൽ എനിക്ക് ലഭിച്ച ദിവ്യവെളിപാടാണിത്. എന്റെ ദൈവമേ! നീ ഈ ജമാഅത്തിനെ നശിപ്പിക്കുകയാണെങ്കിൽ, അതേ തുടർന്ന് നിന്റെ മഹത്വം പ്രകീർത്തനം ചെയ്യുവാൻ ഒരാളും ഉണ്ടാവുകയില്ല നാഥാ!

എന്റെ നാഥാ! ഭൂകമ്പത്താൽ ഉണ്ടാകുന്ന മഹാവിപത്തുകൾ എന്റെ കണ്ണിൽ നിന്ന് നീ വിദൂരത്താക്കേണമെ! എന്റെ ദൈവമേ! ജീവനഷ്ടത്തിന് സാക്ഷ്യം വഹിക്കുവാനുള്ള കഴിവെനിക്കില്ല നാഥാ!

ഞാനീ പറഞ്ഞ പ്രാർത്ഥനകൾ 2001 ലും എനിക്ക് ലഭിക്കുകയുണ്ടായി. പ്രസ്തുത ഭുകമ്പത്തിൽ ആയിരക്കണക്കിനാളുകൾ മരണമടയുന്നതാണ് എന്നറിയിക്കുകയുണ്ടായി. മൂന്ന് മാസങ്ങൾക്കു ശേഷം ഇൻഡ്യയിലെ ഗുജറാത്തിൽ ഒരു വലിയ ഭൂകമ്പം ഉണ്ടാവുകയുണ്ടായി. ലക്ഷത്തിലധികം ആളുകൾ അതിലൂടെ മരണപ്പെടുകയുണ്ടായി. അതേ വർഷത്തിലും അതിനെ തുടർന്നു വന്ന വർഷങ്ങളിലും മറ്റനേകം രാജ്യങ്ങളിലും അനേകം ഭുകമ്പങ്ങൾ ഉണ്ടാവുകയും വളരെ വലിയ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. അത്തരം ഭുകമ്പങ്ങൾ ഉണ്ടാവുകയും വളരെ വലിയ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. അത്തരം ഭുകമ്പങ്ങളിൽ 2004 ഡിസംബറിലുണ്ടായ സുനാമിയും ഉൾപ്പെടുന്നു!

എനിക്ക് തെറ്റുസംഭവിച്ചിട്ടില്ലാ എങ്കിൽ, ഈ പ്രാർത്ഥന എന്റെ യജമാനരായ മസീഹ് മൗഊദ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ)നും ലഭിക്കുകയുണ്ടായി.

എന്റെ നാഥാ! എന്നെ നീ, നിന്നെ സ്മരിക്കുന്നവനായി മരിപ്പിക്കേണമെ! നീ എന്നെ സത്വൃത്തരിൽ ഉൾപ്പെട്ടവനായി കണക്കാക്കുകയും ചെയ്യേണമെ!

എന്റെ ദൈവമേ!ഇസ്ലാമിനെ പരിഹസിക്കുന്നവരെ, നീ പരിഹസിക്കേണമെ! അത്തരം ആളുകളിൽ നീ എന്നെ ഉൾപ്പെടുത്തരുതേ!

എന്റെ നിഷ്ക്കളങ്കരായ അനുചരന്മാർ ഈ പ്രാർത്ഥന എല്ലാ ദിവസവും ചെയ്യേണ്ടതാണ്. അഥവാ അവർക്ക് കഴിയുന്നിടത്തോളം സമയം ചെയ്യേണ്ടതാണ്, ഇസ്ലാമിന്റെ ക്ഷേമത്തിനും അവരുടെ ഇമാമിന്റെ ക്ഷേമത്തിനും, അമീറുൽ മുഅ്മിനീനായ ഖലീഫത്തുല്ലാഹ്യ്ക്ക് വേണ്ടി (ഈ വിനീതനു വേണ്ടി) അപ്രകാരം ചെയ്താൽ അല്ലാഹു(ത) എന്നെ വീണ്ടും ശക്തിപ്പെടുത്തിയേക്കാം, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ നിഷ്ക്കളങ്ക പ്രവർത്തകരെയും അവൻ അനുഗ്രഹിച്ചേക്കാം, അവരുടെ അനുഗൃഹീത ജോലിയിൽ അവൻ ആത്മീയതുകൊണ്ട് സമ്പന്നമാക്കിയേക്കാം. പ്രാർത്ഥന താഴെപറയുന്ന നിലയിലായിരിക്കട്ടെ!

എന്റെ നാഥാ! ഇസ്ലാമിനേയും മുസ്ലിംകളെയും നീ പിന്താങ്ങിയാലും! എന്റെ നാഥാ! അമീറുൽ മുഅ്മിനീനെ നീ സഹായിച്ചാലും (അതായത് ഈ വിനീതനെ മുനീർ അഹ്മദ് അസീമിനെ) ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ സന്ദേശവാഹകരേയും നീ സഹായിക്കേണമെ! എന്റെ നാഥാ! അമീറുൽ മുഅ്മിനീന് നീ നിന്റെ ഭാഷണം നല്കി ശക്തിപ്പെടുത്തിയാലും! എന്റെ നാഥാ! ഞങ്ങളുടെ രക്ഷയ്ക്കും അമീറുൽ മുഅ്മി നിന്റെ രക്ഷയ്ക്കുമായി (ഈ വിനീതനു വേണ്ടി)

അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നീ അനുഗ്രഹമുള്ളതാക്കി തീർക്കേണമേ!

നിന്റെ അനുഗ്രഹമല്ലാതെ എനിക്ക് യാതൊരു കഴിവുമില്ല നാഥാ! ആയതിനാൽ നീ എന്റെ മേൽ നിന്റെ സഹായം ഇറക്കിയാലും നാഥാ! എന്നെ പിന്താങ്ങിയാലും നാഥാ! എന്റെ ആൾക്കാർ എന്നെ പരിഹസിക്കപ്പെടുന്നവനാക്കി തീർത്തിരിക്കുന്നു. നിന്റെ കാരുണ്യം എന്റെ മേൽ വർഷിച്ചാലും നാഥാ! ആകാശഭൂമികളുടെ സൃഷ്ടാവേ! എന്റെ മേൽ കരുണചൊരിഞ്ഞാലും! നിന്നേക്കാൾ കരുണചൊരിയുന്നവനായി മറ്റൊരുവനുമില്ല. ആയതിനാൽ നീ എന്റെ മേൽ കരുണചൊരിഞ്ഞാലും! നീ യാണ് ഒരേ ഒരു അനുഗ്രഹദാതാവ്! എന്നെന്നും മഹത്വമുടയവനായവനും! ഞാൻ നിന്നിൽ ആശ്രയിക്കുന്നു. തീർച്ചയായും നീ എന്നെ ഒരിക്കലും മറന്നുകളയാത്തവൻ തന്നെയാണ്.,

എന്റെ നാഥാ! നിന്റെ ദാസന് വിജയം പ്രദാനം ചെയ്താലും! നിന്റെ എതിരാളികളെ അപമാനിതരാക്കിയാലും! എന്റെ നാഥാ! നീ എന്റെ പ്രാർത്ഥന കേട്ടാലും! അവയെ നീ സ്വീകരിച്ചാലും നാഥാ!

നിന്റെയും നിന്റെ ദൂതനേയും എത്രകാലമാണിവർ ഇങ്ങനെ പരിഹസിക്കുക? എത്രകാലമാണ് അവർ നിന്റെ വചനങ്ങളെ നിരാകരിക്കുന്നത്? എത്രകാലമാണ് നിന്റെ പ്രവാചകനെതിരിൽ മോശം വാക്കുകൾ പുലമ്പുന്നത്. എന്നെന്നും നിലനില്ക്കുമോ ദൈവമേ! നിന്റെ കാരുണ്യത്തിനായി ഈ അർത്ഥനകൾ സമർപ്പിക്കുകയാണ്.

എന്റെ നാഥാ! ഇവരിൽ നിന്നും നീ എന്നെ സംരക്ഷിച്ചാലും ! നിന്റെ ഇഷ്ടമല്ലേ നടപ്പിലാവുക.

ഞാൻ പരാജിതനായിരിക്കുന്നു. ആയതിനാൽ അവരെ നീ പരാജയപ്പെടുത്തിയാലും നാഥാ! യാ അല്ലാഹ് ! മഹാനായ സ്നേഹിതാ! ഞാൻ പരാജയത്തിന്റെ വക്കിലാണ്, എന്നെ സഹായിച്ചാലും, ശത്രുക്കളെ നീ തകർത്തുകളയേണമെ!

എന്റെ നാഥാ! ഒരു ദൈവനിഷേധിയേയും നീ ഭൂമിയിൽ അവശേഷിപ്പിക്കരുതേ!

സംരക്ഷകരിൽ ഏറ്റവും നല്ല സംരക്ഷകൻ നീ തന്നെയാണ്! കാരണ്യവാന്മാരിൽ ഏറ്റവും നല്ല കരുണാവാരിധിയും നീ തന്നെയാണ്.

യാ അല്ലാഹ്! കുറ്റം ചെയ്യുന്ന ഒരാളെയും ഭൂമിയിൽ അവശേഷിപ്പിക്കരുതേ! തെറ്റുചെയ്യുന്നവരെ നീ പിടികൂടേണമെ! സമാധാന നിയമങ്ങളെ പാലിക്കാത്തവരേ നീ ശിക്ഷിക്കേണമെ! കുഴപ്പകാരികളെയും കൊലയാളികളേയും കപടന്മാരേയും നീ വിഹരിക്കുവാൻ വിടരുതേ!

യാ അല്ലാഹ്! മാപ്പാക്കിയാലും, കരുണചെയ്താലും, വാനലോകത്തു നിന്നും സഹായമിറക്കിയാലും! ആമീൻ സുമ്മ ആലമീൻ! യാ ! റബ്ബൽ ആമീൻ!

***Translated & Issued by : Mukarram R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India, E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***